LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

2012-13	ഇല്ല.
2013-14	9 എണ്ണം(അമരമ്പലം, വളവന്നൂർ, ഇരിമ്പിളിയം, മേലാറ്റൂർ, ഏ.ആർ. നഗർ, നന്നമ്പ്ര, കുഴിമണ്ണ, കാവനൂർ, വെട്ടം)
2014-15	10 എണ്ണം(നന്നമുക്ക്, പുറത്തൂർ, എടപ്പാൾ, ഊരകം, ചേലേമ്പ്ര, വെട്ടത്തൂർ, പൊന്മള, നിറമരുതൂർ, താനാളൂർ, പൊന്മുണ്ടം)

(ബി) ഇ.10-34379/11 നമ്പർ കത്തിനോടൊപ്പം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്ന ഡ്രൈവർ തസ്തിക സൃഷ്ടിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പേരു വിവരവും തസ്തികകളുടെ എണ്ണവും സംബന്ധിച്ച രേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാനുള്ള തീരുമാനം

292 (1766) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ :
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് എകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നഗരങ്ങളിലെ കെട്ടിടങ്ങൾക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത ആവശ്യം ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ;

(സി) കാസർകോട് ജില്ലാകമ്മിറ്റി ഇത്തരമൊരു ആവശ്യം ഉന്നയിക്കുകയും, വകുപ്പുമന്ത്രി യോഗം വിളിച്ച് ചേർക്കുകയും ഉണ്ടായോ ; എങ്കിൽ തീരുമാനം എന്തായിരുന്നു ;

(ഡി) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും പ്ലേറ്റുകളുടെ ഗുണനിലവാരവും നിരക്കും പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായോ ; കമ്മിറ്റിയിൽ ധനകാര്യവകുപ്പിനെ പ്രതിനിധീകരിച്ച് ഉണ്ടായിരുന്നത് ആരാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത നടപടിയായി ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു ; ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി ; കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഏതെങ്കിലും സ്ഥാപനം ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായോ ;

(എഫ്) ഏതെല്ലാം സ്ഥാപനങ്ങൾ എത്ര രൂപ വീതം ഒരു നമ്പർ പ്ലേറ്റിന് ക്വാട്ട് ചെയ്യുകയുണ്ടായി ; കരാർ ഉറപ്പിച്ചത് ഏത് കമ്പനിയുമായാണ് ; വിശദമാക്കുമോ ;

(ജി) മൊത്തം എത്ര നമ്പർ പ്ലേറ്റുകൾ ആവശ്യമാണ്; സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്തുകളിൽ ഇത് സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ് ; നമ്പർ പ്ലേറ്റ് തയ്യാറാക്കുന്ന സ്ഥാപനത്തിന് എത്ര രൂപ നൽകേണ്ടതായി വരുമെന്നറിയിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഗരകാര്യവകുപ്പിൽ നിന്നും ഇത്തരത്തിലുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത നമ്പർ പ്ലേറ്റ് പതിക്കണമെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസോസിയേഷനും കാസർഗോഡ് ജില്ലാക്കമ്മിറ്റിയും സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി 14-10-2014-ൽ ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ ഏകീകൃത സവിശേഷ തിരിച്ചറിയൽ നമ്പർ (Unique Identification Number) പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) 30-6-2015-ലെ സ.ഉ.(സാധാ) 1974/2015/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റുകളുടെ ഗുണനിലവാരം, നിരക്ക് എന്നിവ പരിശോധിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ ധനകാര്യ വകുപ്പിനെ പ്രതിനിധീകരിച്ച് അംഗങ്ങൾ ആരും ഉൾപ്പെട്ടിട്ടില്ല.

(ഇ) നിശ്ചിത മാതൃകയിലുള്ള നമ്പർ പ്ലേറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതിന് താൽപ്പര്യമുള്ള കമ്പനികളിൽ നിന്നും Expression of Interest ആണ് ക്ഷണിച്ചിട്ടുള്ളത്. പ്ലേറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

(എഫ്) Expression of Interest ക്ഷണിച്ചതിൽ 9 കമ്പനികൾ താൽപര്യപത്രം സമർപ്പിച്ചിട്ടുണ്ട്. കരാർ നടപടികൾ ആയിട്ടില്ല.

(ജി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ആകെ ഒരു കോടി നാൽപ്പത് ലക്ഷം കെട്ടിടങ്ങൾ ഉള്ളതായി ഐ.കെ.എം. മുഖേന കണക്കാക്കിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് പ്രസ്തുത എണ്ണം നമ്പർ പ്ലേറ്റ് ആവശ്യമാണ്. തുക കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly